# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4016          16.03.2017-ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗക്കാരുടെ സമഗ്ര പുരോഗതിക്കായി പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ<br>" ആർ.രാജേഷ്<br>" വി.കെ.സി.മമ്മത് കോയ<br>" കെ.ജെ.മാക്സി | | ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ പട്ടിക ജാതി വിഭാഗക്കാരുടെ സമഗ്ര പുരോഗതിക്കായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | എ) | പട്ടികജാതിക്കാരുടെ സമഗ്ര പുരോഗതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ പുതുതായി ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വീടിനോട് ചേർന്ന് ആധുനിക പഠന സൗകര്യങ്ങളുള്ള ഒരു പഠന മുറി കൂടി നിർമ്മിക്കുന്നതിനുള്ള പദ്ധതി.<br>2) പട്ടികജാതി പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി സാമൂഹിക സുരക്ഷാ പദ്ധതി 'വാത്സല്യനിധി' എന്ന പേരിലുള്ള പുതിയ പദ്ധതി,ജനനം, ആരോഗ്യ പരിരക്ഷാ, വിദ്യാഭ്യാസം തുടങ്ങി എല്ലാ സംരക്ഷണങ്ങളും ഉറപ്പുവരുത്തി 18 വയസ്സ് കഴിയുമ്പോൾ മൂന്ന് ലക്ഷം രൂപ ഇൻഷ്വറൻസ് വഴി നൽകുന്ന പദ്ധതി.<br>3) പട്ടികജാതിക്കാരായ വനിതാ ജീവനക്കാർക്ക് എല്ലാ ജില്ലകളിലും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി<br>4) പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലാപ്ടോപ്പ് കൂടുതൽ കോഴ്സുകളിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | വ്യാപിപ്പിക്കുന്ന പദ്ധതി<br>5) സ്റ്റേറ്റ്/യൂണിവേഴ്സിറ്റി തലത്തിൽ മികവു പുലർത്തുന്ന പ്രീമെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ് നൽകുന്ന പദ്ധതി<br>6) 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക കൂടി പ്രീസെക്കന്ററി എഡ്യൂക്കേഷൻ എയിഡ്<br>7) KIIFB-ൽ ഉൾപ്പെടുത്തി എം.ആർ.എസുകളിൽ പ്രീമെട്രിക് ഹോസ്റ്റലുകളും, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും സ്ഥാപിക്കുന്ന പദ്ധതി |

**സെക്ഷൻ ഓഫീസർ**